ഉണ്ടാകണമെന്നും പറഞ്ഞ അവസരത്തിൽ മൂന്ന് എയർക്രാഫ്റ്റുകളിൽ ഒന്ന് കോഴിക്കോടും ഒന്ന് കൊച്ചിയിലും ഒന്ന് തിരുവനന്തപുരത്തുമായിട്ട് സ്റ്റേഷൻ ചെയ്തുകൊണ്ട് പൂർണ്ണമായിട്ട് സർവ്വീസ് നടക്കുമെന്നുള്ള അഭിപ്രായമായിരുന്നു ഉണ്ടായിരുന്നത്. അതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഇപ്പോൾ പത്രത്തിൽ കാണുന്നത്. ഏതായാലും ഗവൺമെന്റ് ഇതിന്റെ പ്രാധാന്യം ഒട്ടും കുറച്ചുകാണാൻ ആഗ്രഹിക്കുന്നില്ല. എയർ ഇൻഡ്യയുമായിട്ട് ഈ പ്രശ്നം ടേക്കപ്പ് ചെയ്യുന്നതാണ്. നേരത്തെ പറഞ്ഞതുപോലുള്ള തീരുമാനം അല്ലെങ്കിൽ ഇനിയിപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ സർവ്വീസുകൾ വിവിധ കേന്ദ്രങ്ങളിലേക്ക് സർവ്വീസ് നടത്തണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നതാണ്.

(5) ഉടുമ്പൻചോല സേനാപതി പഞ്ചായത്തിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് ഭൂമി വിട്ടുകിട്ടുന്നതു സംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ശാന്തൻപാറ, സേനാപതി, രാജകുമാരി, രാജാക്കാട് പ്രദേശങ്ങൾ ഏറ്റവും കൂടുതൽ വൈദ്യുതി ക്ഷാമവും വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇതിന് പരിഹാരം കാണുന്നതിന് സേനാപതിയിൽ കെ.എസ്.ഇ.ബി.-യുടെ 33 കെ. വി. സബ്സ്റ്റേഷന് അനുമതി ലഭിച്ചിരുന്നു. അതിന് ആവശ്യമായ ഭൂമി റവന്യൂ വകുപ്പിൽനിന്നും വിട്ടുകൊടുക്കുന്നതിന് ഇടുക്കി ജില്ലാകളക്ടർ വഴി നമ്പർ സി(9) 26-55/2001 ആയി ഫയൽ നമ്പർ 16-10-2004-ൽ അയച്ചതാണ്. അടിയന്തിരമായി ഭൂമി അനുവദിച്ച് സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. സേനാപതിയിൽ 33 കെ. വി. സബ്സ്റ്റേഷൻ തുടങ്ങാനുള്ള തീരുമാനം ബോർഡ് എടുത്തിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരേക്കർ സ്ഥലം വിട്ട് തരാൻ കെ.എസ്.ഇ.ബി. അപേക്ഷിച്ചിരുന്നു. കളക്ടർ അത് കമ്മീഷണറേറ്റിലേക്ക് അയച്ചിരിക്കുകയാണ്. അത് ഫോളോ അപ് ചെയ്യുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെ തന്നെ താമസിയാതെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും. ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ആലോചിച്ച് അതിന് ഒരു തറക്കല്ല് ഇടൽ കർമ്മവും നടത്തും.

(6) ആളിയാറിൽനിന്നും അർഹതപ്പെട്ട ജലം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എ. ചന്ദ്രൻ: അന്തർ സംസ്ഥാന നദീജല കരാറനുസരിച്ച് ആളിയാർ ഡാമിൽനിന്ന് വിട്ടുകിട്ടേണ്ട വെള്ളം ലഭിക്കുന്നില്ല. ഇത് കരാർ ലംഘനമാണ്. കേരളത്തിന് ലഭിക്കേണ്ട വെള്ളം ലഭ്യമാക്കണമെന്നുള്ള അടിയന്തിരാവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇന്റർ സ്റ്റേറ്റ് നദീജല എഗ്രിമെന്റനുസരിച്ച് കേരളത്തിന് ഒരു ജല വർഷത്തിൽ 7.25 ടി.എം.സി. വെള്ളം ലഭിക്കേണ്ടതായിട്ടുണ്ട്. ഈ വർഷം 5.1 ടി.എം.സി. വെള്ളം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഈ വർഷത്തെ ബാക്കി 2.15 ടി.എം.സി. ജലം ലഭിക്കാനുണ്ട്. ഈ വർഷം വെള്ളം എത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly